# പതിനഞ്ചാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2024 ജൂലൈ 4, വ്യാഴം

**നമ്പർ 145**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാലെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ ഉത്തരത്തിനുള്ള തിരുത്ത് :

പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ 2024 ജൂൺ 26 - ാം തീയതിയിലെ നക്ഷത്രചിഹ്നമിടാത്ത 3289 - ാം നമ്പർ ചോദ്യത്തിന്റെ തിരുത്തൽ വരുത്തിയ മറുപടി പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ശ്രീ. വി. ശിവൻകുട്ടി മേശപ്പുറത്തുവച്ചു.

നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം :

കേരള യൂണിവേഴ്സിറ്റിയുടെ കാര്യവട്ടം ക്യാമ്പസിലെ KSU നേതാവായ ശ്രീ. സാഞ്ചോസിനെ SFI-യുടെ നേതൃത്വത്തിൽ മർദ്ദിച്ചതുമൂലം വിദ്യാർത്ഥി സമൂഹത്തിനും രക്ഷിതാക്കൾക്കും ആശങ്ക ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. എം. വിൻസെന്റും മറ്റ് അഞ്ച് അംഗങ്ങളും നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് നോട്ടീസ് നല്കിയിരുന്നു. മുഖ്യമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ നടപടികൾ നിറുത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

ഇതിൽ പ്രതിഷേധിച്ച് പ്രതിപക്ഷ അംഗങ്ങൾ മുദ്രാവാക്യം വിളിക്കുകയും, പ്ലക്കാർഡുകൾ ഉയർത്തി സഭാ നടപടികൾ തടസ്സപ്പെടുത്തുവാൻ ശ്രമിക്കുകയും ചെയ്തു.

ശ്രദ്ധ ക്ഷണിക്കൽ :

(1) വികസന പ്രവർത്തനങ്ങളുടെ ഭാഗമായും അപകട ഭീഷണി ഒഴിവാക്കുന്നതിനുമായി പൊതുസ്ഥലങ്ങളിലെ വൃക്ഷങ്ങൾ മുറിച്ചു മാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ വനം-വന്യജീവി വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി.

KNPP. 913/2024.

കാര്യവിവരപട്ടികയിലെ രണ്ടാമത്തെ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല. പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ ബഹളം തുടർന്നു.

ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:

ചട്ടം 304 പ്രകാരം ഉന്നയിക്കാൻ നോട്ടീസ് നൽകിയിരുന്ന താഴെ പറയുന്ന വിഷയങ്ങളുടെ മറുപടി സഭയുടെ മേശപ്പുറത്ത് വച്ചു.

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. പി. എസ്. സുപാൽ | വനഭൂമി പട്ടയ അപേക്ഷകളിൽ തീർപ്പുകൽപ്പിക്കുന്നതിന് സത്വര നടപടി | റവന്യൂ- ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 2 | ശ്രീ. ജോബ് മൈക്കിൾ | ചങ്ങനാശ്ശേരി വനിതാ ഐ.റ്റി.ഐ.-ക്ക് സ്വന്തമായ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി | തദ്ദേശ സ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി |
| 3 | ശ്രീ. പി. വി. ശ്രീനിജിൻ | തമ്മാനിമറ്റം ച്ചക്ക് പാലം പുനർനിർമ്മാണം | തദ്ദേശ സ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി |
| 4 | ശ്രീ. കെ. ജെ. മാക്സി | മട്ടാഞ്ചേരി - എറണാകുളം ബോട്ട് സർവ്വീസ് പുനരാരംഭിക്കുന്നതിന് നടപടി | ഗതാഗത വകുപ്പുമന്ത്രി |
| 5 | ശ്രീ. കെ. വി. സുമേഷ് | കിഴക്കേക്കര മതിലകം ക്ഷേത്രം നവീകരണം | തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി |
| 6 | ശ്രീ. കോവൂർ കുഞ്ഞുമോൻ | നെടിയവിള-വേമ്പനാട്ടഴികത്ത് റോഡ് BM & BC നിലവാരത്തിൽ പുനരുദ്ധാരണം നടത്തുന്നതിന് നടപടി | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |

<u>റിപ്പോർട്ടുകളുടെ സമർപ്പണം</u> :

(i) സബ്ജക്ട് കമ്മിറ്റി II-ന്റെ 2024-ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ബിൽ സംബന്ധിച്ച റിപ്പോർട്ട് സഭയിൽ സമർപ്പിച്ചു.

(ii) സബ്ജക്ട് കമ്മിറ്റി VI - ന്റെ 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും, 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സഭയിൽ സമർപ്പിച്ചു.

(iii) സബ്ജക്ട് കമ്മിറ്റി VIII-ന്റെ 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും, 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും, 2024 – ലെ കേരള ധനകാര്യ ബിൽ സംബന്ധിച്ച റിപ്പോർട്ടും സഭയിൽ സമർപ്പിച്ചു.

(iv) സബ്ജക്ട് കമ്മിറ്റി XII-ന്റെ 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും, 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സഭയിൽ സമർപ്പിച്ചു.

(v) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ അറുപത്തിമൂന്നാമത് റിപ്പോർട്ട് സഭയിൽ സമർപ്പിച്ചു.

(vi) പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സഭയിൽ സമർപ്പിച്ചു.

(vii) സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ ഇരുപത്തിയൊൻപത് മുതൽ മുപ്പത്തിനാല് വരെയുള്ള റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചു.

(viii) സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ ഒൻപതാമത് റിപ്പോർട്ട് സഭയിൽ സമർപ്പിച്ചു.

(ix) ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സഭയിൽ സമർപ്പിച്ചു.

(x) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനാലാമത് റിപ്പോർട്ട് സഭയിൽ സമർപ്പിച്ചു.

(പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ ബഹളം തുടർന്നു.)

ധനകാര്യം :

2024-25 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

സഹകരണം എന്ന XXVII- ാം നമ്പർ ധനാഭ്യർത്ഥന, തുറമുഖങ്ങൾ എന്ന XL- ാം നമ്പർ ധനാഭ്യർത്ഥന എന്നിവയുടെ നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 7- ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുക അനുവദിക്കണമെന്ന ഉപക്ഷേപം തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി ശ്രീ. വി. എൻ. വാസവനും, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX - ാം നമ്പർ ധനാഭ്യർത്ഥന, ജലസേചനം എന്ന XXXVIII- ാം നമ്പർ ധനാഭ്യർത്ഥന എന്നിവയുടെ നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 7- ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുക അനുവദിക്കണമെന്ന ഉപക്ഷേപം ജലവിഭവ വകുപ്പുമന്ത്രി ശ്രീ. റോഷി അഗസ്റ്റിനും, വൈദ്യുത പദ്ധതികൾ എന്ന XXXIX - ാം നമ്പർ ധനാഭ്യർത്ഥനയുടെ നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 7- ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുക അനുവദിക്കണമെന്ന ഉപക്ഷേപം വൈദ്യുതി വകുപ്പുമന്ത്രി കെ. കൃഷ്ണൻകുട്ടിയും അവതരിപ്പിച്ചു.

പ്രസ്തുത ധനാഭ്യർത്ഥനകളെ സംബന്ധിച്ച് ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവനകൾ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ മേശപ്പുറത്തു വച്ചു.

(പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ ബഹളം തുടർന്നു.)

ധനാഭ്യർത്ഥന നമ്പർ XX, XXVII, XXXVIII, XXXIX, XL എന്നിവയ്ക്ക് നൽകിയ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടില്ല. തുടർന്ന് ധനാഭ്യർത്ഥനകൾ XX, XXVII, XXXVIII, XXXIX, XL എന്നിവ ചർച്ച കൂടാതെ സഭ പാസ്സാക്കി.

2024 ജൂലൈ 5- ാം തീയതി, വെള്ളിയാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി രാവിലെ 11.16 - ന് സഭ പിരിഞ്ഞു.

ഡോ. എൻ. കൃഷ്ണ കുമാർ,
*സെക്രട്ടറി.*

# FIFTEENTH KERALA LEGISLATIVE ASSEMBLY

Eleventh Session

# BULLETIN—PART I

(Brief Record of Proceedings)

*Thursday July 4, 2024*

**[English Version]**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions :*

Four Questions in the list of Questions posted for the day were answered orally.

*Correction of answer to Unstarred Question :*

The Corrected answer to Unstarred question No. 3289 dated 26th June 2024 of Eleventh session of Fifteenth Kerala Legislative Assembly was laid on the Table by Shri V. Sivankutty, Minister for General Education and Labour.

*Adjournment Motion:*

After hearing the Chief Minister, the Speaker withheld consent to the moving of an adjournment motion given notice of by Shri M. Vincent and five other Members regarding the concern reported to have arisen among the student community and parents due to the assault on KSU leader Shri Sanjos at the Kariyavattam campus of Kerala University by the SFI leadership.

In protest against the attitude of the Government on the Adjournment Motion, the members belonging to the opposition shouted slogans, hoisted placards and tried to disrupt the proceedings of the House.

*Calling Attention :*

Shri K. P. Kunhammed Kutti Master called the attention of the Minister for Forest and Wildlife to the necessity to simplify the norms of tree felling in public places for development activities and for avoiding accident threats. The Minister made a statement thereto.

KNPP. 913/2024.

The Second notice listed in the List of Business was not moved. The members belonging to the opposition continued shouting of slogans.

*The Matters under Rule 304:*

The reply to the matters for which notice was given by the following Members under Rule 304 were laid on the Table:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. പി. എസ്. സുപാൽ | വനഭൂമി പട്ടയ അപേക്ഷകളിൽ തീർപ്പുകൽപ്പിക്കുന്നതിന് സത്വര നടപടി | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 2 | ശ്രീ. ജോബ് മൈക്കിൾ | ചങ്ങനാശ്ശേരി വനിതാ ഐ.റ്റി.ഐ.-ക്ക് സ്വന്തമായ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി | തദ്ദേശ സ്വയംഭരണ–എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി |
| 3 | ശ്രീ. പി. വി. ശ്രീനിജിൻ | തമ്മാനിമറ്റം ഇുക്ക് പാലം പുനർനിർമ്മാണം | തദ്ദേശ സ്വയംഭരണ–എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി |
| 4 | ശ്രീ. കെ. ജെ. മാക്സി | മട്ടാഞ്ചേരി - എറണാകുളം ബോട്ട് സർവ്വീസ് പുനരാരംഭിക്കുന്നതിന് നടപടി | ഗതാഗത വകുപ്പുമന്ത്രി |
| 5 | ശ്രീ. കെ. വി. സുമേഷ് | കിഴക്കേക്കര മതിലകം ക്ഷേത്രം നവീകരണം | തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി |
| 6 | ശ്രീ. കോവൂർ കുഞ്ഞുമോൻ | നെടിയവിള-വേമ്പനാട്ടഴികത്ത് റോഡ് BM & BC നിലവാരത്തിൽ പുനരുദ്ധാരണം നടത്തുന്നതിന് നടപടി | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |

*Presentation of Reports*:

(i) The Report on the Kerala Revenue Recovery (Amendment) Bill, 2024 of the Subject Committee - II was presented.

(ii) The Periodical Report from 1st April 2023 to 31st March 2024 and the Report on the action taken on the Third report regarding the scrutiny of demands for grants for the year 2023-2024 of the Subject Committee - VI were presented.

(iii) The Periodical Report from 1st April 2023 to 31st March 2024 and the Report on the action taken on the Third report regarding the scrutiny of demands for grants for the year 2023-2024 of the Subject Committee - VIII were presented.

(iv) The Periodical Report from 1st April 2023 to 31st March 2024 and the Report on the action taken on the Sixty Third report regarding the scrutiny of demands for grants for the year 2023-2024 of the Subject Committee - XII were presented.

(v) The Third report of the Committee of Public Accounts was presented.

(vi) The Second report of the Committee on Privileges and Ethics was presented.

(vii) The Twenty Ninth to Thirty Fourth Reports of the Committee on Subordinate Legislation were presented.

(viii) The Ninth report of the Committee on the Welfare of Women, Transgenders, Children and Differently Abled was presented.

(ix) The Third report of the Committee on Government Assurances was presented.

(x) The Fourteenth report of the Committee on Private Members' Bills and Resolution was presented.

(The members of the opposition parties continued the protest.**)**

*Financial Business :*

Discussion and Voting on Demands for Grants in the Budget
for the financial year 2024-25

Shri V. N. Vasavan, Minister for Co-operation, Registration and Culture moved the motion on Demand No. XXVII – Co-operation and Demand No. XL – Ports,

Shri Roshy Augustine, Minister for Water Resources moved the motion on Demand No. XX – Water Supply and Sanitation and Demand No. XXXVIII – Irrigation and Shri V. Krishnankutty, Minister for Power moved the motion on Demand No. XXXIX – Power for to grant the amounts shown respectively against them under column No. 7 in the list of Demands for Grants.

Shri K. N. Balagopal, Minister for Finance laid on the Table statements under Rule 236 (3) relating to Demands Nos. XX, XXVII, XXXVIII, XXXIX and XL.

(The members of the opposition parties continued the protest.)

The cut motions for Demand Nos. XX, XXVII, XXXVIII, XXXIX and XL were not moved. Then the Demand No. XX, XXVII, XXXVIII, XXXIX and XL were passed by the House without any discussion.

The House adjourned at 11.16 a.m. to meet again at 9.00 a.m on Friday, July 5, 2024.

DR. N. KRISHNA KUMAR
*Secretary.*